നം.ഇ.എസ് 3-68612/2017/ആ.വ.ഡ.

ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം : തീയതി.19/09/2017.

# നോട്ടീസ്

വിഷയം - ആ.വ. - ശ്രീമതി.ലതാസുകുമാരൻ, നഴ്സിംഗ് ട്യൂട്ടർ, സർക്കാർ നഴ്സിംഗ് സ്കൂൾ, കോട്ടയം - സീനിയോറിട്ടി സ്ഥാനം പുനഃർ നിർണ്ണയിച്ച് നോട്ടീസ് പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

സൂചന - (1) ഒ.എ(ഇ.കെ.എം) 100/2017(കെ.എ.റ്റി) നം. ഹർജി.
(2) 19/08/2017 - ലെ ഇ.ഇ2-35576/2017/ആവഡ/ നം. കുറിപ്പ്.

കോട്ടയം സർക്കാർ നഴ്സിംഗ് സ്കൂളിൽ നഴ്സിംഗ് ട്യൂട്ടറായി സേവനമനുഷ്ടിച്ചുവരുന്ന ശ്രീമതി.ലതാസുകുമാരൻ ഡി.റ്റി.എ(3)2927/1990/ കെ.പി.എ.സി, തിരുവനന്തപുരം/തീയതി.20/07/1996 അഡ്വൈസ് പ്രകാരം സ്റ്റാഫ് നഴ്സായി സർവ്വീസിൽ പ്രവേശിക്കുകയും 05/01/1997 മുതൽ 13/09/1998 വരെ ശൂന്യവേതനാവധിയിലുമായിരുന്നു. 14/09/1998 - ൽ തിരികെ ജോലിയിൽ പ്രവേശിക്കുകയും 14/09/2000 - ൽ പ്രബേഷൻ പൂർത്തിയാക്കുകയും ചെയ്തു. അതിനുശേഷം ഇ.ഇ1-5555/2004/ ഡി.എച്ച്.എസ്/തീയതി.26/05/2004 - ലെ ഉത്തരവ് പ്രകാരം കോട്ടയം ജില്ലയിൽ അന്തർ ജില്ലാസ്ഥലംമാറ്റം വഴി 09/06/2004 - ൽ ജോലിയിൽ പ്രവേശിച്ചു.

ടിയാന്റെ സീനിയോറിട്ടി സ്ഥാനം നിർണ്ണയിച്ചിട്ടുള്ളത് 1990 - 2002 കാലയളവിലെ സീനിയോറിട്ടി പട്ടികയിൽ, ശൂന്യവേതനാവധി കഴിഞ്ഞ് തിരികെ ജോലിയിൽ പ്രവേശിച്ച 14/09/1998 മുതലാണ് (റാങ്ക് നം.2141) എന്നാൽ അന്തർ ജില്ലാസ്ഥലംമാറ്റം വഴി കോട്ടയം ജില്ലയിൽ ജോലിയിൽ പ്രവേശിച്ച 09/06/2004 മുതലുള്ള സീനിയോറിട്ടി സ്ഥാനത്തിനെ ടിയാന് അർഹതയുള്ളൂ. ഈ സാഹചര്യത്തിൽ 1990 - 2002 കാലയളവിലെ

സീനിയോറിട്ടി പട്ടികയിലെ 2141 - ാം റാങ്ക് നമ്പർ റദ്ദാക്കി, 2003 2010 കാലയളവിലെ സീനിയോറിട്ടി പട്ടികയിൽ 1289 (ബി) റാങ്ക് നമ്പരായി പുനഃർനിർണ്ണയിച്ച് താല്ക്കാലികമായി തീരുമാനിച്ചിരിക്കുന്നു. ആയതിന്മേൽ എന്തെങ്കിലും ആക്ഷേപമുള്ളപക്ഷം പ്രസ്തു ആക്ഷേപം ഈ നോട്ടീസ് പ്രസിദ്ധീകരിച്ച് 15 ദിവസത്തിനുള്ളിൽ അപ്പീൽ സമർപ്പിക്കേണ്ടതാണ്. അല്ലാത്തപക്ഷം പ്രസ്തുത തീരുമാനം സ്ഥിരപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്. അനുബന്ധ പട്ടിക ഉള്ളടക്കം ചെയ്യുന്നു.

(ഒപ്പ്)

ഡോ.സമീറ.എ
അഡീ.ആരോഗ്യവകുപ്പ് ഡയറക്ടർ (എ&റ്റി)

സ്വീകർത്താവ്,

ശ്രീമതി.ലതാസുകുമാരൻ
നഴ്സിംഗ് ട്യൂട്ടർ
സർക്കാർ നഴ്സിംഗ് സ്കൂൾ, കോട്ടയം
(വെബ്സൈറ്റ് മുഖാന്തിരം)

പകർപ്പ്

(1) ഇ.ഇ 2 സെക്ഷൻ
(2) www.dhs.kerala.gov.in
(3) ഫയൽ/സ്റ്റോക്ക് ഫയൽ.

// ഉത്തരവിൻ പ്രകാരം //

സൂപ്രണ്ട്